**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 417** | **01-11-2021 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികൾക്കായുള്ള ശ്രമിക് ഫെസിലിറ്റേഷൻ സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ വി ജോയി,<br>ശ്രീ. പി.വി. ശ്രീനിജിൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ നിർമ്മാണ, വ്യാപാര, വാണിജ്യ മേഖലകളിലടക്കം അതിഥി തൊഴിലാളികൾ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ നിർമ്മാണ വ്യപാര വാണിജ്യ മേഖലകളിൽ അതിഥി തൊഴിലാളികൾ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് നിർമ്മാണം, പ്ലൈവുഡ്, ഹോട്ടൽ തുടങ്ങിയ തൊഴിൽ മേഖലകളിൽ അതിഥി തൊഴിലാളികളുടെ സേവനം അത്യന്താപേക്ഷിതമായ സാഹചര്യമാണ് ഉള്ളത്. |
| (ബി) | കോവിഡാനന്തരം സംസ്ഥാനത്തേക്ക് തിരിച്ചെത്തുന്ന അതിഥി തൊഴിലാളികൾക്ക് കോവിഡ് പരിശോധനയും വാക്സിനേഷനും നൽകുന്നതിന് തൊഴിൽ വകുപ്പ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | അതിഥി തൊഴിലാളികൾക്ക് വാക്സിനേഷൻ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പ് പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉണ്ടായിരുന്നതും പുതുതായി സംസ്ഥാനത്തേക്ക് വരുന്നതുമായ എല്ലാ അതിഥി തൊഴിലാളികൾക്കും വാക്സിനേഷൻ ഉറപ്പാക്കുന്നതിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചു. ഇപ്രകാരം നാളിതുവരെയായി 3,11,680 തൊഴിലാളികൾക്ക് 1-ാം ഡോസ് വാക്സിനും 67,581 തൊഴിലാളികൾക്ക് 2-ാം ഡോസ് വാക്സിനും ലഭ്യമാക്കിയിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വാക്സിനേഷൻ പ്രവർത്തനങ്ങൾക്കായി 20/09/2021 തീയതിയിലെ സ.ഉ (സാധാ)644/21/DMD നമ്പർ ഉത്തരവ് പ്രകാരം PM care ഫണ്ടിൽ നിന്നും 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | അതിഥി തൊഴിലാളികൾക്ക് രജിസ്ട്രേഷനും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; | (സി) | ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 27.10.2016 തീയതിയിലെ സ.ഉ. (സാധാ)നം.1325/16/തൊഴിൽ പ്രകാരം ആവാസ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 01/11/2017 മുതലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. 21/10/2021 തീയതി വരെ 5,09,865 എണ്ണം തൊഴിലാളികളുടെ രജിസ്ട്രേഷൻ ടി പദ്ധതി മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. കോവിഡ് ഒന്ന്, രണ്ട് തരംഗ കാലയളവിൽ സംസ്ഥാന തൊഴിൽ വകുപ്പിലെ ഫീൽഡ് ലെവൽ ഓഫീസർമാർ മുഖേന ടി കാലയളവിൽ താമസിച്ച് വന്നിരുന്ന അതിഥി തൊഴിലാളികളുടെ പൂർണ്ണ വിവരം ജില്ലാ അടിസ്ഥാനത്തിൽ ശേഖരിച്ചുകൊണ്ട് അവരുടെ ക്ഷേമ പ്രവർത്തനം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തേക്ക് ജോലിക്കായി വരുന്ന എല്ലാ അതിഥി തൊഴിലാളികളുടെയും രജിസ്ട്രേഷൻ ഉറപ്പാക്കുന്നതിനായി ഒരു പോർട്ടൽ/മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ആപ്ലിക്കേഷൻ മുഖേന സംസ്ഥാനത്തേയ്ക്ക് കടന്നുവരുന്നതിന് മുൻപ് തന്നെ അവരുടെ വിവരങ്ങൾ വകുപ്പിന് ലഭ്യമാക്കുന്ന തരത്തിലാണ് ടി ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്തിട്ടുള്ളത്. കൂടാതെ 9 ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുകയും ആയത് പ്രാവർത്തികമാക്കി നിലവിൽ പ്രവർത്തിച്ചുവരുന്നതും ബാക്കി 5 ജില്ലകളിൽ കൂടി ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ആയത് ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | അതിഥി തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമിക് ഫെസിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനം വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് ജോലി ചെയ്യുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള 'ആവാസ് പദ്ധതി' യുടെ രജിസ്ട്രേഷൻ, അതിഥി തൊഴിലാളികൾക്കായുള്ള ലീഗൽ എയ്ഡ്, തൊഴിൽ സാഹചര്യങ്ങളെ സംബന്ധിച്ച വിശദീകരണം, സംശയ ദൂരീകരണം സംസ്ഥാന സർക്കാർ അതിഥി തൊഴിലാളികൾക്കായി നൽകിവരുന്ന മറ്റ് ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരണം എന്നിവ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനായി വടക്കേ ഇന്ത്യൻ ഭാഷകൾ കൈകാര്യം ചെയ്യാനറിയാവുന്നവരെ ഫെസിലിറ്റേറ്ററായി നിയമിച്ച് കൊണ്ട് അതിഥി തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങളും ക്ഷേമ ആനുകൂല്യങ്ങളും തൊഴിൽ സാഹചര്യങ്ങളും മറ്റ് സഹായങ്ങളും ഉറപ്പാക്കുക എന്നതാണ് ഫെസിലിറ്റേഷൻ സെന്ററുകളുടെ ലക്ഷ്യം. കൂടാതെ നിയമപരമായ നിഷേധങ്ങൾ സംബന്ധിച്ചോ മറ്റെന്തെങ്കിലും ആവശ്യം സംബന്ധിച്ചോ |

| | | | |
|---|---|---|---|
| | | | ഫെസിലിറ്റേഷൻ സെന്ററിൽ ഏതെങ്കിലും പരാതികൾ അറിയിക്കുന്ന പക്ഷം ആയത് ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർക്ക് കൈമാറി നടപടി സ്വീകരിച്ച് പ്രശ്ന പരിഹാരം കാണുന്നതിനുള്ള നടപടിയും സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ